പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2194 | 22.01.2014 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.-ലെ പ്രതിസന്ധി പരിഹരിക്കാൻ പുതിയ പദ്ധതി

**ചോദ്യം** | **ഉത്തരം**

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുതിയ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-യെ പ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ നവീകരണത്തിനായി ഒരു റിവൈവൽ പാക്കേജ് നടപ്പാക്കുന്നത് പരിഗണനയിലുണ്ട്. ഈ പാക്കേജിൽ താഴെ പറയുന്ന കാര്യങ്ങൾക്കാണ് പ്രധാനമായും ഊന്നൽ നൽകിയിട്ടുള്ളത്.<br>1). കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ ബാദ്ധ്യതയ്ക്ക് സുസ്ഥിരമായ പരിഹാരം കാണുന്നതിന് (LICപോലുള്ള സ്ഥാപനങ്ങളെ പരിഗണിച്ച്) കെ.എസ്.ആർ.ടി.സി.യും സർക്കാരും ഒരുമിച്ച് ഒരു പാക്കേജ് ഉണ്ടാക്കുകയും, കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാദ്ധ്യത സമയബന്ധിതമായി പരിഹരിക്കുകയും ചെയ്യുക.<br>2). കെ.എസ്.ആർ.ടി.സി.യുടെ ആസ്തി പുനർ നിർണ്ണയം ചെയ്ത് ക്രെഡിറ്റ് വർത്തിനെസ് വർദ്ധിപ്പിക്കുക. |

| | | | |
|---|---|---|---|
| | | | 3). കെ.എസ്.ആർ.ടി.സി.യുടെ കട ബാദ്ധ്യത കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലയളവിലേക്കും മാറ്റുക (പൊതു മേഖലാ സാമ്പത്തിക സ്ഥാപനങ്ങളു മായി ചേർന്ന്).<br>4). ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. യുടെ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുക.<br>5). തൊഴിലാളികളെ വിശ്വാസത്തിലെടുത്തുകൊണ്ട് കെ.എസ്.ആർ.ടി.സി. യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.<br>6). കെ.എസ്.ആർ.ടി.സി.യുടെ വർക്ക് ഷോപ്പുകൾ ആധുനികവൽക്കരിക്കുക.<br>7). നവീനമായ ബസ്സുകളും, സാങ്കേതിക വിദ്യയും ഉപയോഗിച്ച് ഇന്ധന ക്ഷമത വർദ്ധിപ്പിക്കുകയും, ചെലവ് കുറയ്ക്കുകയും ചെയ്യുക.<br>8). നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് അപകടവും, ഗതാഗതക്കുരുക്കുകളും, മലിനീകരണവും കുറയ്ക്കുക. |

സെക്ഷൻ ഓഫീസർ